## പതിമൂന്നാം കേരള നിയമസഭ

### പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം. 1776 — 21.01.2014 -ൽ മറുപടി നൽകേണ്ടത്

### വിദേശത്തുവച്ചുള്ള മരണം- രജിസ്ട്രേഷൻ വ്യവസ്ഥകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : | ഡോ. എം. കെ. മുനീർ<br>പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി |
| (എ) വിദേശത്ത് മരണപ്പെട്ട വ്യക്തികളുടെ മരണം രജിസ്റ്റർ ചെയ്യുന്നതിന് നിലവിൽ എന്തെല്ലാം വ്യവസ്ഥകളാണ് ഉള്ളത് എന്ന് വ്യക്തമാക്കുമോ ; | (എ) 1969-ലെ ജനന മരണ രജിസ്ട്രേഷൻ ആക്ടിലെ സെക്ഷൻ 20 -ൽ ഇന്ത്യയ്ക്ക് വെളിയിൽ നടന്നിട്ടുള്ള ജനനവും മരണവും രജിസ്റ്റർ ചെയ്യുന്നതിനുള്ള പ്രത്യേക വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ആയതനുസരിച്ച് 1955-ലെ സിറ്റിസൺസ് ആക്ട് പ്രകാരം വിദേശത്ത് നടന്ന ഇൻഡ്യൻ പൗരൻമാരുടെ മരണം ഇൻഡ്യൻ കോൺസുലേറ്റുകളിൽ രജിസ്റ്റർ ചെയ്യുന്നതിനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. |
| (ബി) വിദേശത്ത് മരണപ്പെടുന്നവരുടെ മരണം സംസ്ഥാനത്ത് രജിസ്റ്റർ ചെയ്യാൻ വ്യവസ്ഥകളിൽ ഇളവ് ചെയ്യുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ? | (ബി) ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ